## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് അദ്ധ്യാപകർ - സംസ്കൃതം വ്യാകരണം വിഭാഗം പൊതു സ്ഥലമാറ്റം – 2018 – ഉത്തരവ് പുറപ്പെടുവിക്കുന്നു –**

ഉത്തരവ് നമ്പർ.ബി.4/9354/2018/കോ.വി.വ തിരുവനന്തപുരം തീയതി : 03.05.2018

പരാമർശം:-
1) ഈ ഓഫീസിലെ 05.02.2018 - തീയതിയിലെ എ1//3331/2018/കോ.വി.വ നമ്പർ സർക്കുലർ
2) ജി.ഒ.(എം.എസ്)നമ്പർ.27/1994/ഉ.വി.വ തീയതി. 21.02.1994.
3) ജി.ഒ.(എം.എസ്)നമ്പർ.114/2004/ഉ.വി.വ തീയതി. 01.08.2004
4) ജി.ഒ.(പി) നമ്പർ.01/2005/ഉ.വി.വ തീയതി 04.01.2006.
5) ജി.ഒ.(പി)നമ്പർ.06/2007/പി & ആർ.ഡി തീയതി. 04.12.2007.
6) 06.04.2018- തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക.
7) 16.05.2017-ലെ ജി.ഒ.(എം.എസ്).നമ്പർ.130/2017/ഉ.വി.വ നമ്പർ ഉത്തരവ്
8) സ.ഉ.(പി)നമ്പർ.3/2017/ഉ.ഭ.പ.വ തീയതി. 25.02.2017.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ 2018-ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 20.04.2018 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം - സംസ്കൃതം വ്യാകരണം വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് 01.06.2018 പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു..

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ഡോ.പ്രദീപ് വർമ്മ.പി.കെ,<br>അസിസ്റ്റന്റ് പ്രൊഫസർ,<br>സർക്കാർ സംസ്കൃത കോളേജ്,<br>തിരുവനന്തപുരം (അപേക്ഷ) | പട്ടാമ്പി ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ ശ്രീമതി.താഹിറ.പി സ്ഥലം മാറ്റപ്പെടുന്ന ഒഴിവിൽ |
| 2 | ശ്രീമതി.താഹിറ.പി,<br>അസിസ്റ്റന്റ് പ്രൊഫസർ,<br>ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടമ്പി (നിർബന്ധിത മാറ്റം) | തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിൽ ഡോ.പ്രദീപ് വർമ്മ.പി.കെ സ്ഥലം മാറ്റപ്പെടുന്ന ഒഴിവിൽ. |

066281c

GOVERNMENT OF KERALA

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, 2018 ജൂൺ ഒന്നാം തീയതി പ്രാബല്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്,
എം.എസ്.ജയ.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ /അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
3) ഔദ്യോഗിക വെബ് സൈറ്റിലേയ്ക്ക്
4) കരുതൽ ഫയൽ / നടപ്പ് ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി.03.05.2018

0662817